**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2033** **17.06.2014-ൽ മറുപടിയ്ക്ക്**

# പ്രീ മൺസൂൺ മെയിന്റനൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിൽ പ്രീ മൺസൂൺ മെയിന്റനൻസ് നടത്തുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ; | (എ) സുഗമമായ വൈദ്യുതി വിതരണം ഉറപ്പ വരുത്തുന്നതിനും മഴക്കാലത്ത് ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി പ്രീ മൺസൂൺ മെയിന്റനൻസ് നടപ്പാക്കുന്നതിന് 09.04.2014-ൽ ഫീൽഡ് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എച്ച്.റ്റി./ എൽ.റ്റി. ലൈനുകളിൽ ടച്ചിംഗ് നീക്കം ചെയ്യുക, പഴയതും ദ്രവിച്ചതുമായ കമ്പികൾ മാറ്റി പുതിയവ സ്ഥാപിക്കുക, പഴയതും കേടായതുമായി പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, സ്റ്റേ ഇൻസുലേറ്ററുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമർ അറ്റകുറ്റപണി നടത്തുക, താഴ്ന്നു കിടക്കുന്ന ലൈനുകൾ റീഷാക്കിൾ ചെയ്യുക, ജംപർ കണക്ഷനുകൾ ബലപ്പെടുത്തുക, എ.ബി. സ്വിച്ചുകൾ റിപ്പയർ ചെയ്യുക, ബ്രാഞ്ച് ലൈനുകളിൽ സെക്ഷൻ ഫ്യൂസുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.<br><br>പ്രസരണമേഖലയിൽ എല്ലാ വർഷവും നടത്തി വരുന്ന പ്രീ മൺസൂൺ മെയിന്റനൻസ് നടപ്പു വർഷത്തിലും നടത്തുന്നതിനുള്ള കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 'പ്രീ മൺസൂൺ മെയിന്റനൻസ് 'പൂർത്തിയാക്കുന്നതിന് പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കുന്നതിനും ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ മെയിന്റനൻസ് നടത്തുന്നതുമൂലം വൈദ്യുതി വിതരണത്തിൽ |

തടസ്സം നേരിടുന്നതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനായി ടി കാര്യം മാദ്ധ്യമങ്ങൾ മുഖേന മുൻകൂട്ടി അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് പല ജില്ലകളിലും കോഴിക്കോട്ടും പ്രീ മൺസൂൺ പ്രവൃത്തികൾ നടത്താൻ വേണ്ട സാധന സാമഗ്രികൾ വൈദ്യുതി ഓഫീസുകളിൽ ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ഇതു കാരണം പ്രീ മൺസൂൺ മെയിന്റനൻസ് ഫലപ്രദമായി നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതും ആയത് വൈദ്യുതി അപകടങ്ങൾ വർധിക്കാൻ കാരണമായേക്കാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ബാധകമല്ല. |
| (ഡി) | കൊയിലാണ്ടിയിൽ മുൻവർഷങ്ങളിൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ ആളുകൾ ഷോക്കേറ്റ് മരിച്ച സംഭവം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഡി) | പ്രീമൺസൂൺ മെയിന്റനൻസിന്റെ അഭാവംമൂലം ഷോക്കേറ്റുമരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 24.04.2014 മുതൽ 31.05.2014 വരെ പ്രീമൺസൂൺ മെയിന്റനൻസ് ഷെഡ്യൂൾ ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.